രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ ദേവസ്വം ബോർഡിന്റെ ബഡ്ജറ്റിൽ എല്ലാ വർഷവും തുക വകയൊള്ളിക്കുന്നുണ്ട്.

(സി) മുന്നരകോടിയിൽപ്പരം ഭക്തർ വന്നിട്ടുണ്ടാകുമെന്ന് അനുമാനിക്കുന്നു. ദേവസ്വം ബോർഡിന് ഈ സീസൺ കാലയളവിൽ 1,53,73,48,852 രൂപയുടെ (നൂറ്റി അമ്പത്തിമൂന്ന് കോടി എഴുപത്തിമൂന്ന് ലക്ഷത്തി അമ്പത്തി രണ്ട് രൂപ) വരവുണ്ടായിട്ടുണ്ട്. ഇനം തിരിച്ചുള്ള കണക്ക് എടുത്തിട്ടില്ല.

ശബരിമലയിൽ ലഭിച്ച നടവരവ്

220(428) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10, 2010-11 വർഷങ്ങളിൽ ശബരിമല തീർത്ഥാടന കാലയളവിൽ ശബരിമലയിൽ ലഭിച്ച നടവരവ് എത്രയാണ് ;

(ബി) പ്രസ്തുതകാലയളവിൽ ശബരിമലയിൽ ചെലവായ തുക ഇനം തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2009-10 വർഷത്തിൽ 1,28,48,00,417 രൂപയും (നൂറ്റി ഇരുപത്തിയെട്ട് കോടി നാൽപ്പത്തിയെട്ട് ലക്ഷത്തി നാനൂറ്റി ഇരുപത്തിയേഴ് രൂപ) 2010-11 വർഷത്തിൽ 1,53,73,48,852 രൂപയും (നൂറ്റി അമ്പത്തി മൂന്ന് കോടി എഴുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി അമ്പത്തി രണ്ട് രൂപ) ലഭിച്ചു.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ശബരിമലയിൽ മകരവിളക്ക് കാണുവാൻ അനുവാദം നൽകിയിട്ടുള്ള സ്ഥലങ്ങൾ

221(429) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയിൽ മകര വിളക്കു കാണുവാൻ അനുവാദം നൽകിയിട്ടുള്ള സ്ഥലങ്ങൾ ഏതൊക്കെയാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) മകരവിളക്ക് കാണാൻ ഭക്തജനങ്ങളെ ഇൻഷർ ചെയ്തിട്ടില്ലാത്ത പുൽമേട് പോലെയുള്ള എത്ര സ്ഥലങ്ങൾ ഉണ്ടെന്ന് അന്വേഷിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അന്വേഷണം നടത്തി വേണ്ട സുരക്ഷാ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശബരിമല, സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ മകരജ്യോതി കാണാൻ ദേവസ്വം ബോർഡ് അനുവദിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നീലിമല, പുല്ലുമേട്, പാണ്ടിത്താവളം, അട്ടത്തോട് എന്നീ വനംവകുപ്പിന്റെ അധികാരപരിധിയിൽ വരുന്ന സ്ഥലങ്ങളിൽ മകരവിളക്ക് കാണാൻ ഭക്തർ എത്താറുണ്ട്. ടി സ്ഥലങ്ങളിൽ മകരവിളക്ക് കാണാൻ പ്രത്യേക അനുമതികളൊന്നും വനംവകുപ്പ് നൽകിയിട്ടില്ല. പുല്ലുമേട് പോലെയുള്ള പ്രദേശങ്ങൾ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുന്നില്ല. ഇത്തരം സ്ഥലങ്ങളിൽ എന്ത് സുരക്ഷാ സൗകര്യങ്ങൾ ഏർപ്പെടുത്താനാവുമെന്നതടക്കമുള്ള കാര്യങ്ങൾ പരിശോധിച്ചു വരുന്നു.

ശബരിമല ക്ഷേത്രത്തിലെ വരുമാനം

222(430) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സീസണിലെ ശബരിമല ക്ഷേത്രത്തിലെ വരുമാനം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) അയ്യപ്പഭക്തന്മാരെ സഹായിക്കുന്നതിനായി എന്തെല്ലാം പദ്ധതികളായിരുന്നു ഈ കാലയളവിൽ നടപ്പിലാക്കിയതെന്ന് വെളിപ്പെടുത്തുമോ ;

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തീർത്ഥാടകരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് അതിർത്തി പ്രദേശങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 153,73,48,852 രൂപ (നൂറ്റി അമ്പത്തി മൂന്ന് കോടി എഴുപത്തി മൂന്ന് ലക്ഷത്തി നാൽപ്പത്തിയെണ്ണായിരത്തി എണ്ണൂറ്റി അമ്പത്തി രണ്ട് രൂപ)

(ബി) അയ്യപ്പഭക്തരെ സഹായിക്കുന്നതിനായി സർക്കാരും ദേവസ്വം ബോർഡും വിവിധ വകുപ്പുകളും ചേർന്ന് സൗകര്യങ്ങളൊരുക്കിയിരുന്നു. ദർശനത്തിനായി ക്യൂ നിൽക്കുന്നവർക്ക് സംരക്ഷണം നൽകാൻ താൽക്കാലിക ഷെഡ്ഡുകൾ നിർമ്മിച്ചു. നെയ്യഭിഷേകം ചെയ്യാൻ ക്യൂ നിൽക്കുന്നവർക്കായി മേൽക്കൂര നിർമ്മിച്ചു. പരമ്പരാഗത പാതയിൽ നീലിമല, അപ്പാച്ചിമേട് ഭാഗങ്ങളിൽ അയ്യപ്പഭക്തന്മാർക്ക് വിശ്രമിക്കാൻ 4 ഷെൽട്ടറുകൾ നിർമ്മിച്ചു. പമ്പ മുതൽ അപ്പാച്ചിമേട് വരെ ഭക്തർക്ക് വിശ്രമിക്കാൻ ഇരിപ്പിടങ്ങൾ നിർമ്മിച്ചു. അപ്പാച്ചിമേട് ഭാഗത്ത് പാത വീതി കൂട്ടി കയറ്റം ലഘൂകരിച്ച് കോൺക്രീറ്റ് പടികൾ നിർമ്മിച്ച് ബാരിക്കേടുകളും പുനഃനിർമ്മിച്ചു. പമ്പാ മണൽപ്പുറത്ത് അയ്യപ്പൻമാർക്കു വിശ്രമിക്കാനും വിരിവയ്ക്കാനും 20000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പന്തൽ നിർമ്മിച്ചു. ഭക്തർക്ക് കുടിവെള്ള ലഭ്യത, ടോയ്ലെറ്റ് സൗകര്യങ്ങൾ എന്നിവ ഉറപ്പുവരുത്തി. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ സൗജന്യ ചികിൽസാ സൗകര്യം ഏർപ്പെടുത്തി. കൂടുതൽ പോലീസിനെ നിയോഗിക്കുകയും ജാഗ്രതാ നിർദ്ദേശങ്ങൾ നൽകുകയും പമ്പ സന്നിധാനം എരുമേലി എന്നിവിടങ്ങളിൽ പ്രത്യേകം പ്രത്യേകം പോലീസ് കൺട്രോളർമാരെ വച്ച് സുരക്ഷാക്രമീകരണങ്ങൾ നിയന്ത്രിക്കുകയും ചെയ്തിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly